14.30 പെരിന്തൽമണ്ണ— നിലമ്പൂർ
05.00 മലപ്പുറം — കോഴിക്കോട് (വഴി കൊണ്ടോട്ടി)
06.30 മലപ്പുറം—കോഴിക്കോട്
13.00 മലപ്പുറം—കോഴിക്കോട്
14.45 പൊന്നാനി—കോഴിക്കോട്
06.10 പൊന്നാനി—കൊണ്ടോട്ടി—എയർപോർട്ട്
06.10 പൊന്നാനി—മഞ്ചേരി—കോഴിശ്ശേരി
11.05 പൊന്നാനി—തിരുവനന്തപുരം സൂപ്പർഫാസ്റ്റ്
06.45 പൊന്നാനി—വഴിക്കടവ്
07.50 പൊന്നാനി—താമരശ്ശേരി

(സി) ഓപ്പറേറ്റു ചെയ്യപ്പെടാതെ രേഖകളിൽമാത്രം നിലനിർത്തിയിരുന്നതും തീരെ കളക്ഷൻ കുറഞ്ഞതുമായ ഷെഡ്യൂളുകൾ മാത്രമേ റദ്ദ് ചെയ്തിട്ടുള്ളൂ.

(ഡി) മലപ്പുറം ജില്ലയോട് അവഗണന കാണിക്കുന്നില്ല.

(ഇ) തൽക്കാലം പരിഗണനയിലില്ല.

ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി

59 [2711] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ചെറുതന പഞ്ചായത്തിന്റെ വടക്കൻമേഖല യിൽ രൂക്ഷമായ യാത്രാ ക്ലേശം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറുതന കൊപ്പാറ കടവിൽ നിന്നും ചെങ്ങന്നൂർ ഭാഗത്തേക്കും ആയപ്പറമ്പ് വടക്കേക്കരയിൽനിന്നും കായംകുളം ഭാഗത്തേക്കും കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഇല്ല. ദേശസാൽകൃതമല്ലാത്ത ഈ മേഖലയിൽ കെ. എസ്. ആർ. ടി.സി. സർവ്വീസ് നടത്തുന്നത് ലാഭകരമായിരിക്കില്ല. തൽക്കാലം പരിഗണനയിലില്ല.

പാപ്പനംകോട്ടുനിന്ന് തമലം ഭാഗത്തേക്കുള്ള സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി

60 [2712] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭകരമല്ലാത്ത സർവ്വീസുകൾ റദ്ദ് ചെയ്യുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ വിവിധ ഡിപ്പോകളിൽ നിന്നുമുള്ള കെ. എസ്. ആർ. ടി. സി.-യുടെ എത്ര ഷെഡ്യൂളുകൾ റദ്ദ് ചെയ്തിട്ടുണ്ട്. അവ ഏതെല്ലാം എന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാപ്പനംകോട് ഡിപ്പോയിൽ നിന്നുമുള്ള എത്ര ഷെഡ്യൂളുകൾ റദ്ദ് ചെയ്തിട്ടുണ്ട്; അവ ഏതെല്ലാം;

(സി) യാത്രാക്ലേശം അനുഭവപ്പെടുന്നതിനാൽ പാപ്പനംകോടുനിന്നും തമലം ഭാഗത്തേയ്ക്ക് എത്തിച്ചേരുന്ന സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ വിവിധ ഡിപ്പോകളിൽ നിന്നുള്ള ഒരു ഷെഡ്യൂളും ലാഭകരമല്ലെന്ന കാരണത്താൽ റദ്ദു ചെയ്തിട്ടില്ല.

(ബി) ഒരു ഷെഡ്യൂളും സ്ഥിരമായി റദ്ദു ചെയ്തിട്ടില്ല.

(സി) തമലം ഭാഗത്തേയ്ക്ക് ധാരാളം സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ആ ഭാഗത്തേയ്ക്ക് പോകുന്ന കെ. എസ്. ആർ. ടി. സി. സർവ്വീസുകൾക്ക് പൊതുവേ കളക്ഷൻ വളരെ കുറവുമാണ്. ആകയാൽ ഈ ഭാഗത്തേയ്ക്ക് കൂടുതൽ ട്രിപ്പുകൾ ഓപ്പറേറ്റു ചെയ്യുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. ബസ്സുകളുടെ അഭാവം കാരണം താൽക്കാലികമായി നിർത്തിവച്ചിട്ടുള്ള സർവ്വീസുകൾ ബസ്സിന്റെ ലഭ്യതയനുസരിച്ച് ഓപ്പറേറ്റു ചെയ്യുന്നതാണ്.

സ്റ്റേ ബസ്സുകൾ നിറുത്തൽ ചെയ്യുന്ന നടപടി

61 [2713] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ നിലവിലുള്ള സ്റ്റേ ബസ്സുകൾ നിറുത്തൽ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നുവോ;

(ബി) എങ്കിൽ എത്ര സ്റ്റേ ബസ്സുകൾ ഇതുവരെ റദ്ദ് ചെയ്തിട്ടുണ്ട്;

(സി) തിരുവനന്തപുരം ജില്ലയിൽ എത്ര സ്റ്റേ ബസ്സുകൾ ഓട്ടം നിർത്തിയിട്ടുണ്ട്;

(ഡി) ഇങ്ങനെ ചെയ്യുവാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) കിലോമീറ്ററിന് പത്തു രൂപയ്ക്കു താഴെ വരുമാനം ഉള്ള 87 സ്റ്റേ ട്രിപ്പുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്.

(സി) കിലോമീറ്ററിന് പത്തു രൂപയ്ക്കു താഴെ വരുമാനം ഉള്ള 39 സ്റ്റേ ട്രിപ്പുകൾ നിർത്തൽ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly